**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1234.** **12.07.2016 ൽ മറുപടിയ്ക്ക്.**

## ഹരിത ട്രിബ്യൂണൽ വിധി

| ചോദ്യം<br>ശ്രീ. കെ. ബാബു | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഹരിത ട്രിബ്യൂണൽ വിധിക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നിലപാടുകൾ സംബന്ധിച്ച് വിശദമാക്കുമോ; | (എ) | ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ ബഹു.കേരള ഹൈക്കോടതി യിൽ റിട്ട് ഹർജി സമർപ്പിച്ചു കഴിഞ്ഞു. ടി റിട്ട് ഹർജി സമർപ്പിക്കുന്നതിനു മുൻപ് കെ.എസ്.ആർ.ടി.സി.യും സ്വകാര്യ ബസ്സ് ഉടമകളുടെ സംഘടനയും വെവ്വേറെ ഫയൽ ചെയ്ത ഇതേ വിഷയത്തിലെ റിട്ട് ഹർജികളിൽ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 2 മാസത്തെ സ്റ്റേ ഉത്തരവ് നില നിൽക്കുകയാണ്. കൂടാതെ ബഹു. സുപ്രീംകോടതിയിൽ കേവിയറ്റ് പെറ്റീഷൻ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ മുമ്പാകെ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ഉചിതമായ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ വിധിയുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന പ്രധാന | (ബി) | ഈ വിധി നടപ്പിൽ വരുത്തുക യാണെങ്കിൽ ഏകദേശം 61,000 ട്രാൻസ്പോർട്ട് |

| | | | |
|---|---|---|---|
| | പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ? | | വാഹനങ്ങളും, ഏകദേശം 40,000 നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളും പൊതു നിരത്തിൽ നിന്നും ഉടനടി അപ്രത്യക്ഷമാകും. മേൽ പറഞ്ഞതിൽ സ്റ്റേജ് കാര്യേജുകളും ഉൾപ്പെടും. മോട്ടോർ വാഹന നിയമങ്ങളും, ചട്ടങ്ങളും പ്രകാരം ഒരു നോൺ ട്രാൻസ്പോർട്ട് വാഹനത്തിന്റെ കാലാവധി 15 വർഷമാണ്. 15 വർഷം കഴിഞ്ഞ വാഹനം ഉപയോഗ്യമാണെങ്കിൽ റീ രജിസ്ട്രേഷൻ നടത്തി ഉപയോഗിക്കാവുന്നതാണ്. നിലവിൽ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നത് 15 വർഷത്തേക്ക് ലൈഫ് ടൈം ടാക്സ് ആയിട്ടാണ്. 10 വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തുകയാണെങ്കിൽ ഏകദേശം 270 കോടി രൂപ സർക്കാർ വാഹന ഉടമകൾക്ക് റീഫണ്ടായി നൽകേണ്ടി വരും. നിലവിലുള്ള കണക്കനുസരിച്ച് ഓരോ വർഷവും 2000 മോ, അതിലധികമോ ക്യൂബിക് കപ്പാസിറ്റിയുള്ള ഏകദേശം 4400 വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. 2000 ക്യൂബിക് കപ്പാസിറ്റിയിൽ കൂടുതലുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ തടയുകയാണെങ്കിൽ പ്രതി വർഷം സർക്കാരിന് ഏകദേശം 135 കോടി രൂപയുടെ നഷ്ടമുണ്ടാകും. നിലവിൽ കേരളത്തിലെ നിരത്തുകളിൽ സർവ്വീസ് നടത്തുന്ന ഏകദേശം 6600 ഓളം വരുന്ന സ്റ്റേജ് കാര്യേജുകൾ (കെ.എസ്.ആർ.ടി.സി. |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ) പത്തോ, അതിലധികമോ വർഷം കഴിഞ്ഞതാണ്. ഈ വാഹനങ്ങൾ നിരത്തിൽ നിന്നും അപ്രത്യക്ഷമാകുക യാണെങ്കിൽ പൊതു ഗതാഗത സംവിധാനം ആകെ താറുമാറാകും. ഇവയ്ക്കെല്ലാം പുറമെ അന്തർ സംസ്ഥാന റൂട്ടുകളിലൂടെയുള്ള യാത്ര ക്കാരെയും ചരക്ക് ഗതാഗതത്തെയും ഈ ഉത്തരവ് വളരെ ദോഷകരമായി ബാധിക്കുന്നതാണ്. കേരളത്തിൽ എത്തുന്ന അന്യ സംസ്ഥാന ലോറികളിൽ പലതും പത്തു വർഷകാലയളവ് കഴിഞ്ഞവയാണ്. അവയുടെ നിരോധനം ചരക്ക് നീക്കം തടസ്സപ്പെടുത്തും. അത് അവശ്യ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിന് കാരണമാകും. |

സെക്ഷൻ ഓഫീസർ.